MR. PRESIDENT : നാളെ രണ്ടുമണിക്ക് ഫുഡ് പൊസിഷനെക്കുറിച്ചുള്ള വാദപ്രതിവാദം നടക്കുന്നതായിരിക്കും.

ADJOURNMENT MOTION

MR. PRESIDENT: ഒരു അഡ്ജോൺമെന്റ് മോഷൻ നോട്ടീസ് കിട്ടിയിട്ടുണ്ട്. അതു മി. ഗോവിന്ദൻനായരുടെയാണ്. അതായതു് മൽസ്യത്തൊഴിൽകൊണ്ടു മാത്രം ഉപജീവനം കഴിക്കുന്ന പൂന്തുറ മുതൽ കഠിനംകുളംവരെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ ഏതാണ്ടു നാലുമാസമായി മൽസ്യം കിട്ടാത്തതിനാൽ പട്ടിണികിടന്നും രോഗത്തിലും മുഴുകിക്കൊണ്ടിരിക്കുന്ന കൊടും ദുരവസ്ഥയ്ക്ക് ഗവണ്മെന്റു് അടിയന്തിരം ഉണ്ടാക്കാത്തതിനാൽ ഉണ്ടായിട്ടുള്ള അടിയന്തിരാവസ്ഥയെക്കുറിച്ചു് ചർച്ചചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാണ് അടിയന്തിരപ്രമേയം.

HON'BLE MR. A. THANU PILLAI : സർ, ഇതിന് എനിക്ക് നോട്ടീസില്ല. ഞാൻ ഇവിടെ വന്നപ്പോൾ ഇതിനെസംബന്ധിച്ച് ഒരു എഴുത്ത് എന്റെ മേശമേൽ ഇരിക്കുന്നതുകണ്ടു. മീറ്റിംഗിനു മുമ്പ് നോട്ടീസ് തരണമെന്നാണ് നിയമം. അതു ചെയ്യാതെ ഇപ്രകാരം ഒരെഴുത്തെഴുതിവച്ചാൽ അതു മതിയാകുമോ എന്ന സംശയമാണ്. അതു മതിയാകുകയില്ല. നോട്ടീസ് തരണമെന്നു പറയുന്നതിന്റെ അർത്ഥം അതിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് സമയം കിട്ടണമെന്നുള്ളതാണ്. അതിനാൽ നോട്ടീസില്ലെന്നുള്ള കാരണത്താൽ അതു സ്വീകാര്യമല്ല. ഇതിനു പുറമെ, ഇതു് ഒരു സ്പെസിഫിക്ക മാറ്റർ അല്ല; വളരെ പ്രധാനമായ ഒരു സംഗതിയല്ല. എന്നിരുന്നാലും സാധുക്കളുടെ കാര്യം ആയതുകൊണ്ടു് ഗവണ്മെന്റിന് ഏറ്റു ചെയ്യാൻ സാധിക്കുമോ അതു ചെയ്യാൻ നോക്കാം. പക്ഷേ ഈ അഡ്ജോൺമെന്റു് മോഷൻ സ്വീകരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : എഴുത്തു് ഓഫീസിൽ കൊടുത്തുവച്ചാൽ നോട്ടീസാകുകയില്ലെന്നാണ് എന്റേയും അഭിപ്രായം. മീറ്റിംഗ് തുടങ്ങുന്നതിനു മുമ്പുതന്നെ നോട്ടീസ് മിനിസ്റ്റർക്ക് കിട്ടിയിരിക്കണം. കാരണം അടിയന്തിരപ്രമേയത്തിൻ വിവരിക്കുന്ന സംഗതിക്ക് മറുപടി പറയേണ്ടതാണ്. അതിനതക്കവണ്ണം നേരത്തെ ഇതിന് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. ABDUL AZIZ : നോട്ടീസ് കൊടുക്കണമെന്നു പറഞ്ഞാൽ അതു വളരെ വേഗ് (Vague) ആണ്. കൗണ്ടർ കൊടുക്കണമോ ആഫീസിൽ കൊടുക്കണമോ അതോ രജിസ്ട്രാരുടെ അടുക്കൽ കൊടുക്കണമോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz]

എന്നു വ്യക്തമല്ല. മിനിസ്റ്റർമാർക്കു് നേരിട്ടു കൊടുക്കണമെന്നു വന്നാൽ അതു് വളരെ പ്രയാസമാണു്. അവരുടെ ഔദ്യോഗികവസതികളിൽ പോയി അവിടുത്തെ ബഹളം കണ്ടാൽ അവരെ കാണുന്ന കാര്യംതന്നെ വളരെ പ്രയാസമാണു്. അതുകൊണ്ടു് എന്തുചെയ്യണമെന്നു അറിഞ്ഞാൽകൊള്ളാം.

MR. PRESIDENT : "Notice should be served on the Minister" എന്നാണു് പറഞ്ഞിരിക്കുന്നതു്. ഏതു വിധത്തിലായാലും മിനിസ്റ്റർക്കു് നോട്ടീസ് കിട്ടിയിരിക്കണമെന്നാണു് എനിക്കു് ഇതേ സംബന്ധിച്ചു പറയാനുള്ളതു്.

MR. T. A. ABDULLA (*Ambalapuzha I—Muslim*): നോട്ടീസ് കൊടുക്കണമെന്നു് പറഞ്ഞാൽ, പേഴ്സനലായി മിനിസ്റ്ററുടെ കയ്യിൽ ഏൽപ്പിക്കണം എന്നാണോ, അതല്ല ആഫീസിൽ ഏൽപ്പിച്ചാൽ മതിയോ, അഥവാ രജിസ്ട്രാരുടെ കയ്യിൽ ഏൽപ്പിക്കണമോ എന്നറിയണം. മിനിസ്റ്റർമാരുടെ കയ്യിൽ കൊടുക്കണമെന്നു പറഞ്ഞാൽ അതു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു. അവരെ കണ്ടുകിട്ടാൻതന്നെ പ്രയാസമാണു്. ആ നിലയ്ക്കു നോട്ടീസു നേരിട്ടു കൊടുക്കുന്നതിനു് പ്രയാസമുണ്ടു്. ഇതിനു് ഒരു പോംവഴി പ്രസിഡൻറുതന്നെ നിശ്ചയിച്ചാൽ കൊള്ളാം.

MR. PRESIDENT : മുളിൽ കിടക്കുന്നതു് "Notice shall be given to the minister concerned" എന്നാണു്. സമൻസു നടത്തുന്നതുപോലെ ആയാലും മതിയാകും. എന്താണു ചെയ്യേണ്ടതെന്നു് നിഷ്കൃഷ്ടമായി പറയത്തക്കവണ്ണം ഞാൻ അതേപ്പറ്റി പഠിച്ചിട്ടില്ല.

അതുകൊണ്ടു നോട്ടീസ് കിട്ടിയില്ലെന്നുവേണം വിചാരിക്കുവാൻ. അതു കൊണ്ടാണോ അതിനുംപുറമെ അതുസംബന്ധിച്ചു മിനിസ്റ്റർ പറഞ്ഞതുപോലെ ഇതു ഒരു സ്പെസിഫിക് മാറ്റർ (ക്ലിപ്തമായ ഒരു സംഗതി) അല്ല. അടിയന്തിരപ്രമേയം ക്ലിപ്തമായ ഒരു സംഗതിയെപ്പറ്റി ആയിരിക്കണമെന്നാണു പാർലമെൻററി പ്രാക്ടീസിൽ പറയുന്നതു്. അടിയന്തിരപ്രമേയത്തിൽ പറയുന്നതു അനേകകാലമായി കടലിൽനിന്നും മീൻ കിട്ടുന്നില്ലെന്നും, അതുകൊണ്ടു വളരെപേർ പട്ടിണി കിടക്കേണ്ടിവരുന്നുവെന്നുമാണു്. ഇതു് ഒരു സ്പെസിഫിക് മാറ്ററല്ല. മേയ്സ് പാർലമെൻററി പ്രാക്ടീസിൽ പറയുന്നതു് ഇങ്ങനെയാണു്:

"The matter raised by the motion must be a single, specific matter and must not be covered in general terms or covering a great number of cases."

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തേത്, a recent occurance ആയിരിക്കണം എന്നു പറയുന്നു. അടിയന്തിരപ്രമേയത്തിൽ കടലിൽ ഏതാനും കാലങ്ങളായി ഇങ്ങനെ സംഭവിച്ചിരിക്കുന്നു എന്നാണു പറയുന്നതു. ഇതു് ഏറ്റവും അടുത്തകാലത്തു നടന്ന സംഭവം അല്ല. ഈ അസംബ്ലി തുടങ്ങുന്നതിനു മുമ്പുതന്നെ വേണമെങ്കിൽ ഇങ്ങനെ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കാമായിരുന്നു. ഈ കാരണങ്ങളാൽ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം ഞാൻ നിഷേധിച്ചിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : സർ, നോട്ടീസിനെപ്പറ്റി ഇവിടെ പറഞ്ഞു. അതിനു് ഏതെങ്കിലും നിർദ്ദിഷ്ടമായ ഒരു വ്യവസ്ഥയുണ്ടായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. അല്ലെങ്കിൽ പിന്നെയും ഇതുപോലെ വിഷമങ്ങളുണ്ടാകും. അതുകൊണ്ടു് ഇതിനെപ്പറ്റി മിനിസ്റ്റർമാർ ഇവിടെവച്ചുതന്നെ ആലോചിച്ചുതീരുമാനിക്കണമെന്നാണു എനിക്കു പറയാനുള്ളതു.

MR. PRESIDENT : ഇതേപ്പറ്റി റൂളിൽ പറയുന്നതു്, "Notice shall be given to the minister concerned" എന്നാണു. Given എന്ന വാക്കിന്റെ അർത്ഥംഅനുസരിച്ചായിരിക്കും നോട്ടീസു കൊടുത്തിട്ടുണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കുക. നോട്ടീസു കിട്ടിയിട്ടുണ്ടെന്നു മിനിസ്റ്റർ സമ്മതിക്കണം. അതിനു് എന്തു ചെയ്യണമോ അതു ചെയ്യണം.

MR. T. A. ABDULLA : അതാണു ഞങ്ങളുടെ ചോദ്യം. നോട്ടീസു കിട്ടിയെന്നു് ഇവിടെ സമ്മതിപ്പിക്കാനുള്ള മാർഗ്ഗം എന്താണു്?

MR. PRESIDENT : അതിനു് റൂളിൽ പറയുന്നതുപോലെ മിനിസ്റ്റർക്കു നോട്ടീസു് അയയ്ക്കണം.

MR. K. K. CHELLAPPAN PILLAI : അതിനു് ഏതുതരത്തിൽ പ്രവർത്തിക്കണമെന്നു് ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ ഒന്നു പറഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : സർ, മറ്റു കാര്യങ്ങൾക്കു നോട്ടീസു കൊടുക്കുന്നതുപോലെതന്നെ അടിയന്തിരപ്രമേയങ്ങൾക്കും നോട്ടീസു് കൊടുത്താൽ മതിയാകുന്നതാണു്. മി. ചെല്ലപ്പൻപിള്ള ഇങ്ങനെ ഒരു വാദം ഇപ്പോൾ ഇവിടെ കൊണ്ടുവന്നതിനു് പ്രത്യേകം ഒരു കാരണമുണ്ടു്. ഇതുപോലെ ഒന്നു് മി. ചെല്ലപ്പൻപിള്ളയും ഇവിടെ എഴുതിവച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : എനിക്കു അതേപ്പറ്റി പരാതിയില്ല.

HON'BLE MR. A. THANU PILLAI: മിനിസ്റ്റർക്കു നോട്ടീസ് കൊടുക്കണമെന്നു പറയുന്നതു് ആ അടിയന്തിരപ്രമേയത്തിൽ പറയുന്ന വസ്തുതകളെ സംബന്ധിച്ചു് അറിയുവാൻ മിനിസ്റ്റർക്കു സ്വല്പം സമയം കിട്ടണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ഒരുവിധം ന്യായമായ രീതിയിൽ അതു നടക്കുമെന്നു കരുതിയാണു നാളിൽ ഇങ്ങനെ വ്യവസ്ഥചെയ്തിരിക്കുന്നതും. അതുകൊണ്ടു കഴിയുന്നതും നേരത്തെ ഈ കാര്യം മിനിസ്റ്റരെ അറിയിക്കാൻ നോക്കണം. അല്ലാതെ ഇവിടെ വന്നതിനുശേഷം എന്തെങ്കിലും ഒന്നെഴുതി മിനിസ്റ്റർ ഇരിക്കുന്ന മേശപ്പുറത്തു വച്ചാൽപോരാ. ശരിയായ നിലയിൽ മിനിസ്റ്റർക്കു എഴുതി അയച്ചാൽ തീർച്ചയായും കിട്ടും. സഭയുള്ള ദിവസം രാവിലെ മിനിസ്റ്റർ ആഫീസിൽ കാണുകയും ചെയ്യും.

MR. T. A. ABDULLA : സഭ തുടങ്ങുന്നതിനു് അര മണിക്കൂർ മുൻപേ നോട്ടീസ് അസംബ്ലി സെക്രട്ടറിയെ ഏൽപ്പിച്ചാൽ മതിയോ?

HON'BLE MR. A. THANU PILLAI : പോരാ, നാളിൽ അങ്ങനെയല്ല പറഞ്ഞിരിക്കുന്നതു്.

MR. P. S. MUHAMMED : മിനിസ്റ്റർമാരുടെ പ്രൈവറ്റു സെക്രട്ടറിമാരെ ഏൽപ്പിച്ചാൽ മതിയാകുമോ?

HON'BLE MR. A. THANU PILLAI : ഒന്നാമതു്, അതു് എല്ലാ മിനിസ്റ്റർമാരുംകൂടി ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണു്. രണ്ടാമതു്, പ്രൈവറ്റുസെക്രട്ടറിമാരുടെ പക്കൽ ഏൽപ്പിക്കുന്നതിൽ വിരോധമില്ല; പക്ഷെ, മിനിസ്റ്റർമാർക്കു കിട്ടത്തക്കവിധത്തിൽ ഏൽപ്പിക്കണമെന്നേയുള്ളൂ.

MR. PRESIDENT : ഇതു സംബന്ധിച്ചു് ഇൻഡ്യൻ അസംബ്ലിയിൽ ഉണ്ടായ ഒരു റൂളിംഗ് ഞാൻ വായിക്കാം.

On the 21st February 1938, Mr. Abdul Qaiyum sought to move the adjournment of the House to discuss the arrest of a member of the Frontier Legislative Assembly whereupon objection was taken that notice of the motion was received by the Government Member in charge ten minutes after 11 A. M. Mr. Abdul Qaiyum explained that he gave all the three copies to the Assembly Secretary, one copy being intended for the Member in charge. The President observed that it was not the business of the Secretary to distribute notices like that and that it ought to have been sent to the Government Member by the Member himself, as was being done every day and added :

LIBRARY ARCHIVES Kerala Legislative Assembly

"The Secretary is under no obligation to return the notice so that it may be sent to the proper person. The Honourable Member ought to know to whom the notice is to be sent. The rules require that the Honourable Member must send the notice himself. It is bound to raise all sorts of complications if the Secretry were to accept such notices for the Member of the Government concerned. The motion is out of order."

MR. ABDUL RAZAAK (*Nedumangad I—Muslim*): The ruling that you have read out is equally nebulous. That does not help us in any way.

MR. PRESIDENT : ഇവിടെ ഉന്നയിച്ച അതേ പ്രശ്നത്തെ സംബന്ധിച്ചുതന്നെ ഉണ്ടായ ഒരു റൂളിംഗാണിതു്.

MR. ABDUL AZIZ : സർ, സാങ്കേതികമായ തടസ്സങ്ങൾ എന്തുതന്നെയായാലും ഇവിടെനിന്നും ഒരു മൈൽ അകലെ താമസിക്കുന്ന അനുവദിക്കുന്നതു പട്ടിണി കിടന്നു ചാകാൻ പോകുന്നുവെന്നുള്ളതു് വളരെ ഗൗരവതരവും സങ്കടകരവുമായ ഒരു കാര്യമാണു്. സാങ്കേതികമായ ആ പട്ടിക്കുട്ടിനകത്തു നിന്നുകൊണ്ടു് ഇതൊന്നും കണ്ടില്ലെന്നു ഭാവിച്ചു്.. ... ...

MR. K. A. GANGADHARA MENON (*Nedumangad I—General*): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

MR. ABDUL AZIZ : ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ റെയിസു ചെയ്തിരിക്കുകയാണു്. അതു് അതുമുഴുവൻ പറഞ്ഞുകഴിയട്ടെ.

MR. K. A. GANGADHARA MENON : The point of order relates to the right to discuss matters which have already been decided by the Chair.

MR. PRESIDENT : Le tus hear whether the Hon'ble member will refer to the decision of the Chair. Let me hear him first.

MR. ABDUL AZIZ : എനിക്കു പറയുവാനുള്ളതു് നോട്ടീസു കൊടുക്കുന്ന സംഗതിയെക്കുറിച്ചു് ഇവിടെ വന്ന പ്രായോഗികവൈഷമ്യങ്ങളുടെ നാമധേയത്തിൽ സംഭവിച്ചിരിക്കുന്ന ഗുരുതരമായ അവസ്ഥ ഈ ഹൗസിനെ ബോദ്ധ്യപ്പെടുത്തുന്നതിനും ഇങ്ങനെയുള്ള സാങ്കേതികകാരണങ്ങളാൽ ഗൗരവതരമായ ഒരു അടിയന്തിരകാര്യം ചർച്ചാവിഷയമാക്കുന്നതിനും ഇടയാകാതിരിക്കുന്നതു വളരെ ... ...

MR. PRESIDENT : വെറും സാങ്കേതികമായ കാരണങ്ങൾകൊണ്ടു മാത്രമല്ല അനുവാദം നിഷേധിച്ചതു്. അതിനു സബ്സ്റ്റാൻഷ്യലായ മറ്റു ചില കാരണങ്ങൾകൂടി വിവരിച്ചാണു് അനുവാദം നിഷേധിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

അതേ സംബന്ധിച്ച് ഞാൻ ഒരു റൂളിംഗ് നൽകിക്കഴിഞ്ഞു. ആ റൂളിംഗിനെപ്പറ്റി ചോദ്യം ചെയ്യുവാൻ ഒരംഗത്തിനും അവകാശമില്ല

ANNOUNCEMENT RE: THE MEMBERS ELECTED FOR THE UNIVERSITY SENATE AND THE PUBLIC ACCOUNTS COMMITTEE.

MR PRESIDENT: ആർഡർ, ആർഡർ. യൂണിവേഴ്സിറ്റി സെനറ്റിലേക്കും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ ഇന്നു നടക്കുമെന്നാണല്ലൊ പ്രസ്താവിച്ചിരുന്നത്.

യൂണിവേഴ്സിറ്റി സെനറ്റിലേക്ക് 9 പേരെയും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്ക് 3 പേരെയും ആണ് തിരഞ്ഞെടുക്കുവാനുള്ളത്. ഈ രണ്ടു തിരഞ്ഞെടുപ്പുകളിലേക്കും കിട്ടിയിട്ടുള്ള നാമനിർദ്ദേശങ്ങൾ പരിശോധിച്ചതിൽ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് 9 നാമനിർദ്ദേശങ്ങളും, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്ക് 3 നാമനിർദ്ദേശങ്ങളും മാത്രമെ കിട്ടിയിട്ടുള്ളൂ. ഈ നാമനിർദ്ദേശങ്ങൾ എല്ലാം സാധുവായിട്ടുള്ളതാകയാൽ അവ സ്വീകരിച്ചിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ സംഖ്യയും നാമനിർദ്ദേശങ്ങളുടെ സംഖ്യയും തുല്യമായിരിക്കുന്നതിനാൽ തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമില്ല. നാമനിർദ്ദേശം ചെയ്യപ്പെട്ട താഴെ പറയുന്ന അംഗങ്ങളെ യൂണിവേഴ്സിറ്റി സെനറ്റിലേക്കും, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്കും യഥാക്രമം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി പ്രഖ്യാപിച്ചുകൊള്ളുന്നു.

യൂണിവേഴ്സിറ്റി സെനറ്റിലേക്ക്.

1. മിസ്സ് അക്കാമ്മാ ചെറിയാൻ
2. മി. എം. ഗോവിന്ദൻ
3. ,, സി. നാരായണപിള്ള
4. ,, എ. നേശമണി
5. ,, യു. കെ. വാസുദേവനാശാരി

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിലേക്ക്.

1. മി. കെ. എ. ഗംഗാധരമേനോൻ
2. ,, വി. മാധവൻ
3. ,, പി. എസ്. മഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly